ഏവം ശപ്ത്വാ ഗതോ*f* ഗസ്ത്യോ ഭഗവാൻ നൃപ സാനുഗ:
ഇന്ദ്ര ദ്യുമ്നോ*f*പി രാജർഷിർദ്ദിഷ്ടം തദുപധാരയൻ (8-4-11)
ആപന്ന: കൌഞ്ജരീം യോനിമാത്മസ്മൃതിവിനാശിനീം
ഹര്യർച്ചനാനുഭാവേന യദ്ഗജത്വേ*f*പ്യനുസ്മൃതി : (8-4-12)

*ശുകമുനി തുടർന്നു:*
വ്യാഘ്രത്തിൻെറ ആത്മാവ് ഒരു ഗന്ധർവ്വനായി മാറി. ദേവലമുനിയുടെ കാൽ, അദ്ദേഹം ഇതേ പൊയ്കയിൽ കുളിച്ചു കൊണ്ടിരുന്നപ്പോൾ വലിച്ചതിനു ശിക്ഷയായിട്ടാണ് മുതലയായി ജന്മമെടുക്കേണ്ടതായി വന്നത്. ഭഗവാൻെറ ചക്രം കൊണ്ട് ശാപമോക്ഷം ലഭിച്ച ഗന്ധർവ്വൻ ഭഗവാനെ വണങ്ങി തൻെറ വാസസ്ഥലത്തേക്ക് പോയി.

ഗജേന്ദ്രൻ കഴിഞ്ഞ ജന്മത്തിൽ പാണ്ഡ്യരാജാവായ ഇന്ദ്രദ്യുമ്നനായിരുന്നു. ദ്രാവിഡരാജ്യത്തെ ഭരിച്ചിരുന്ന രാജാവ്, തൻെറ ജീവിതത്തിൻെറ ഒരു ദശയിൽ സന്യാസം സ്വീകരിച്ചു. മൗനവ്രതവും തുടങ്ങി. ഒരു പ്രഭാതത്തിൽ തൻെറ കുളി കഴിഞ്ഞ് ഭഗവൽപ്പൂജക്കായി തുടങ്ങുമ്പോൾ അഗസ്ത്യമുനി കയറിവന്നു. രാജർഷി മൗനവ്രതത്തിലായിരുന്നു. പൂജാമുഹൂർത്തമായിരുന്നതിനാൽ മഹർഷിയെ അവഗണിച്ച് രാജാവ് തൻെറ പൂജ തുടർന്നു. ഭഗവാൻെറ പ്രതിപുരുഷന്മാരാണ് മഹർഷികൾ എന്നത് രാജർഷി കണക്കിലെടുത്തില്ല. മഹർഷി, രാജാവിൻെറ മൗനം അഹങ്കാരമായി കണക്കിലെടുത്തു. വിഗ്രഹാരാധനയും പൂജാക്രമങ്ങളും മുനി പൂജയേക്കാൾ വലുതാണെന്ന് രാജാവ് കരുതുന്നുവെന്നും അദ്ദേഹത്തിന് സന്യാസത്തിൻെറ വ്യഥാഭിമാനമുണ്ടെന്നും കരുതി അഗസ്ത്യമുനി ശപിച്ചു. "നീയൊരു അജ്ഞാനിയായ മൃഗമായിത്തീരട്ടെ- ഒരാനയായി പുനർജ്ജനിക്കട്ടെ. "

ഇന്ദ്രദ്യുമ്നൻ ശാപത്തെ ശിരസാ വഹിച്ചു. തൻെറ വിധിവിഹിതമായി സ്വീകരിക്കുകയും ചെയ്തു. അയാൾ ആനയായി ജന്മമെടുത്തു. എന്നാൽ ഭഗവൽസേവകൊണ്ടാർജ്ജിച്ച പുണ്യത്തിൻെറ ഫലമായി അദ്ദേഹത്തിന് ആപൽഘട്ടത്തിൽ ഭഗവൽപ്രാർത്ഥനാമന്ത്രം ഓർമ്മവരികയുണ്ടായി. ഭഗവൽപ്രസാദത്താൽ ഇന്ദ്രദ്യുമ്നന് ലോകവുമായുണ്ടായിരുന്ന അജ്ഞതാബന്ധനത്തിൽനിന്നു മുക്തി ലഭിച്ചു. അദ്ദേഹത്തിൻെറ ഹൃദയം ഭക്തിപ്രേമത്താൽ നിർമ്മലമാവുകയും ഭഗവൽപാർഷദന്മാരിലൊരാളായി അദ്ദേഹത്തിന് സാദൃശ്യം (ഭഗവദ്രൂപസാദൃശ്യം) ലഭിക്കുകയും ചെയ്തു. ഭഗവാനോടൊപ്പം ഗരുഡവാഹനത്തിലേറി ഇന്ദ്രദ്യുമ്നൻ ഭഗവൽഗേഹം പൂകി. "നിന്നേയും, ഈ മോക്ഷഗാഥയേയും, എന്നേയും ആരാണോ ഓർക്കുന്നത്, അവന് പാപമോചനം ലഭിക്കുന്നു. നീ ചൊല്ലിയ ഈ സങ്കീർത്തനം ആരാണോ ബ്രാഹ്മമുഹൂർത്തത്തിൽ ദിനവും ചൊല്ലുന്നത്, അയാൾക്ക് മരണസമയത്ത് തെളിഞ്ഞ ഓർമ്മശക്തി ലഭിക്കും."

ഭക്തിവിശ്വാസങ്ങളോടെ ഈ കഥ കേൾക്കുകയോ പറയുകയോ ചെയ്യുന്നപക്ഷം, എല്ലാവിധ ദുഷ്ടതകളും, ദുസ്വപ്നങ്ങളും അകറ്റുവാനുള്ള ശക്തി ഇതിനുണ്ട്.